പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1795 25/03/13-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിനും അക്വാകൾച്ചറിനുമായി പുതിയ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>,, ആർ. സെൽവരാജ് :<br>,, ഐ.സി. ബാലകൃഷ്ണൻ :<br>,, പി.എ. മാധവൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യബന്ധനത്തിനും അക്വാകൾച്ചറിനുമായി പുതിയ നയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) അക്വാകൾച്ചർ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി കരട് നയം തയ്യാറാക്കുന്നതിന് ഡോ.എം.എൻ.കുട്ടി അദ്ധ്യക്ഷനായ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (ബി) സുസ്ഥിരമത്സ്യബന്ധനം, അക്വാകൾച്ചർ വ്യവസായം എന്നിവയുടെ അഭിവൃദ്ധിക്കായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ; | (ബി) അക്വാകൾച്ചർ കരട് നയം തയ്യാറാക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതി നല്കിയ റിപ്പോർട്ടിൽ പൊതുജലാശയങ്ങൾക്ക് ലൈസൻസ് നല്കികൊണ്ട് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ജലാശയങ്ങളിൽ Zonation നടത്തി ശാസ്ത്ര സാങ്കേതിക വിദ്യ കൂടുതൽ കാര്യക്ഷമമായി ഉപയുക്തമാക്കി മത്സ്യ കൃഷി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. സുസ്ഥിര മത്സ്യബന്ധനം സംബന്ധിച്ച നയം ഇപ്പോൾ പരിഗണനയിലില്ല |
| (സി) നയം നടപ്പാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (സി) പരിഗണിക്കും |

സെക്ഷൻ ഓഫീസർ